(സി) വീട് വയ്ക്കുന്നതിന് ധനസഹായം നൽകുന്നതിന് ബഡ്ജറ്റിൽ നടപ്പു വർഷം തുക വകയിരുത്തിയിട്ടില്ല. എന്നാൽ മുൻവർഷം പണി പൂർത്തീകരിക്കാതിരുന്ന ഗുണഭോക്താക്കൾക്ക് 'സ്പിൽ ഓവർ' ഇനത്തിൽ 38,85,35,000 രൂപ 'കോർപ്പസ് ഫണ്ട്'-ൽനിന്നും നടപ്പുവർഷം മാറുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഭൂമി വാങ്ങാനുള്ള ധനസഹായമായി 1000 ലക്ഷം രൂപ നടപ്പുസാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ "2225-01-283-90-റീഹാബിലിറ്റേഷൻ ഓഫ് ലാന്റ് ലസ്" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

(ഡി) വ്യക്തിഗത അക്കൗണ്ടിലേക്ക് തുക മാറ്റിയിട്ടില്ല.

(ഇ) 2003-04 വർഷത്തെ പട്ടികവർഗ്ഗ ക്ഷേമ പരിപാടികൾ ഓരോന്നിനും വകയിരുത്തിയിട്ടുള്ളതും 31-12-2003 വരെ ചെലവഴിച്ചതായി കണക്കാക്കിയിട്ടുള്ളതുമായ തുകകളുടെ കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പ്ലാൻ പദ്ധതികളെ സംബന്ധിച്ച വിവരങ്ങളടങ്ങുന്ന സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(എഫ്) 2002-03-ലെ ടി.എസ്.പി. ഫണ്ടിൽ 31-3-2003-നുശേഷം ടി. പി. അക്കൗണ്ട്, എസ്. ബി. അക്കൗണ്ട്, ഡിമാന്റ് ഡ്രാഫ്റ്റ്, ക്യാഷ് എന്നീ ഇനത്തിൽ ബാക്കിയുണ്ടായിരുന്ന തുകയെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ജി) അവശേഷിച്ചിരുന്ന തുക തിരിച്ചടച്ചിട്ടുണ്ട്.

പിന്നോക്ക വിഭാഗ ക്ഷേമത്തിനുള്ള സമഗ്ര പ്രവർത്തനങ്ങൾ

99 [984] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-വർഗ്ഗ വിഭാഗങ്ങളുടെ വിവിധ ക്ഷേമത്തിനും വികസനത്തിനും വിദ്യാഭ്യാസത്തിനും തൊഴിലധിഷ്ഠിത പ്രവർത്തനങ്ങൾക്കും പാർപ്പിട വികസനത്തിനും മറ്റുമായി ഈ സർക്കാർ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ സാമ്പത്തിക വർഷവും ഇവ ഓരോന്നിനും എത്ര തുകയുടെ കേന്ദ്രസഹായം, സംസ്ഥാന സഹായം, വിദേശ സഹായം എന്നിവ ലഭിച്ചിട്ടുണ്ട്; എന്തു തുക ചെലവാക്കി എന്നതിന് വിവിധ പ്രവർത്തനങ്ങൾ ആസ്പദമാക്കിയിട്ടുള്ള സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(സി) മുകളിൽ സൂചിപ്പിച്ച ഓരോ പ്രവർത്തനങ്ങളും ഏതെല്ലാം ഏജൻസികളാണ് നടത്തിയത് എന്നും ഇതിൽ സർക്കാർ ഏജൻസികൾ ഏതെല്ലാമെന്നും സ്വകാര്യ ഏജൻസികൾ ഏതെല്ലാമെന്നും ഇവ ഓരോരുത്തർക്കും എന്തുതുക വീതം നൽകിയിട്ടുണ്ട് എന്നതുമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ പ്രവർത്തനങ്ങൾ വഴി എത്ര പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിവിധ സഹായങ്ങൾ ലഭ്യമാക്കി എന്നും എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കി എന്നും വ്യക്തമാക്കുമോ;

(ഇ) ഈ പ്രവർത്തനങ്ങളിലെ അഴിമതികൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; എന്തു നടപടികൾ സ്വീകരിച്ചു;

(എഫ്) ഇത് സംബന്ധിച്ച് എത്ര കേസുകളിൽ എന്തെല്ലാം തരത്തിലുള്ള അന്വേഷണങ്ങൾ നടക്കുന്നുണ്ട് എന്നും ഇതിൽ പ്രതികളായിട്ടുള്ളവർ ആരെല്ലാം എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ—എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പട്ടികജാതി വികസന വകുപ്പിന്റെ പ്രവർത്തനം

100 [985] ശ്രീ. വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ ഈ വർഷത്തെ പദ്ധതി വിഹിതം പ്ലാനിലും നോൺ-പ്ലാനിലും കൂടി എത്ര കോടി രൂപയാണ് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ 31-12-2003 വരെ എത്ര കോടി രൂപ ചെലവഴിച്ചു;

(സി) നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള ചെലവുകളുടെ സീലിംഗ് അനുസരിച്ചുള്ള തുക ധനകാര്യ വകുപ്പിൽനിന്നും കിട്ടാത്തതുമൂലം വകുപ്പിന്റെ പ്രവർത്തനം തടസ്സപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ ചെലവിനുള്ള പണം ലഭ്യമാക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 255.21 കോടി രൂപ.

(ബി) 96.66 കോടി രൂപ ചെലവഴിച്ചു.

(സി) ചില സമയങ്ങളിൽ ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ട്.

(ഡി) സർക്കാരിന്റെ സാമ്പത്തിക നില മോശമായതുകൊണ്ട് ചില സമയങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്താറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly